"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ഡോ.കെ.ആർ.ഷൈജു (പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, എസ്.എൻ.വി.എച്ച്.എസ്.എസ്, ആനാട്,നെടുമങ്ങാട്)-ന്റെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ - അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.627/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/03/2020

---

പരാമർശം:- 1 10.05.2013-ലെ 42/2013/ധന. നം. സർക്കുലർ

2 28.11.2013 -ലെ സ.ഉ.(പി)നം. 580/2013/ധന.

3 27.02.2017-ലെ സ.ഉ(സാധാ)നം.552/2017/തസ്വഭവ.

4 21.04.2018-ലെ സ.ഉ(സാധാ)നം.1153/2018/തസ്വഭവ.

5 06.03.2019-ലെ സ.ഉ(സാധാ)നം.536/2019/തസ്വഭവ.

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.01.2020-ലെ 2262/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

നെടുമങ്ങാട് ആനാട് എസ്.എൻ.വി.എച്ച്.എസ്.എസ്-ലെ പ്രിൻസിപ്പൽ ഇൻചാർജ്ജ് ആയ ഡോ. കെ.ആർ.ഷൈജു-നെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ ഓഫീസിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(5)പ്രകാരം ടിയാളുടെ അന്യത്രസേവനം 29/02/2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 29/02/2020 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01/03/2020 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.കെ.ആർ.ഷൈജു.(പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, എസ്.എൻ.വി.എച്ച്.എസ്.എസ്, ആനാട്, നെടുമങ്ങാട്)-ന്റെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലുള്ള അന്യത്ര സേവനകാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01/03/2020 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡോ.കെ.ആർ.ഷൈജു, പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ,എസ്.എൻ.വി.എച്ച്.എസ്.എസ്., ആനാട്,നെടുമങ്ങാട്(പൊതുവിദ്യാഭ്യാസ ഹയർ സെക്കന്ററി ഡയറക്ടർ മുഖേന )
ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഹയർ സെക്കന്ററി വിഭാഗം,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ& ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ